**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിന് ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കി കൃഷിയെ മുഖ്യ ഉപജീവന മാർഗ്ഗമായി രൂപപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; | (ബി) | കാർഷിക വൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ് വ്യവസ്ഥയുടെയും ഭക്ഷ്യ സുരക്ഷയുടെയും മുഖ്യ ഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പല നൂതന പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.<br><br>കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക, ആരോഗ്യ ഭക്ഷണം ഉറപ്പാക്കുക, തൊഴിലവസരം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയാണ് "*ഞങ്ങളും കൃഷിയിലേക്ക്*". ഒരു തുടർ പദ്ധതിയായി ആരംഭിക്കുന്ന ഈ പദ്ധതിയിൽ കൂടി ഏറ്റവും കുറഞ്ഞത് 10,000 കാർഷിക ഗ്രൂപ്പുകൾ ഉൽപാദന മേഖലയിലും സംഭരണ, വിപണന, കാർഷിക സഹായ മേഖലയിലും മൂല്യവർദ്ധനവ് മേഖലകളിലുമായി രൂപീകരിച്ച് കേരളത്തിന്റെ കാർഷിക മേഖല ശക്തമാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.<br><br>കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) അടിസ്ഥാനമാക്കിയുള്ള വികസന സമീപനത്തിന് ഈ വർഷം തുടക്കം കുറിച്ചു. ഓരോ ഫാമിനും യോജിച്ച കാർഷികോൽപ്പാദന പ്ലാൻ തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷിവകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്ക് കീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ/കമ്പനികൾ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തും. |
| (സി) | ശാസ്ത്രീയ കൃഷിമുറകൾ വ്യപകമാക്കുന്നതിനൊപ്പം വിപണന ശൃംഖല വിപുലീകരിച്ച് വിളവെടുപ്പുകാലത്തുണ്ടാകുന്ന വിലയിടിവ് തടയുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്, വിളവെടുപ്പ സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യ അടിസ്ഥാനത്തിൽ കൃഷി വ്യാപനത്തിന് തടസ്സമായേക്കുന്നത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്.<br><br>മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങു, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ഓരോ വിളക്കും പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാന വില ചുവടെ ചേർക്കുന്നു.<br><br>കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ, ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം, കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു.<br><br>ഈ വിപണികൾ ഇടനിലക്കാരുടെ ചൂക്ഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താ ക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. പദ്ധതി പ്രകാരം പഴം പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാന വിലയിൽ, നിലവിലുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്കു ഡി.ബി.റ്റി.യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപയും 2021-22 വർഷത്തിൽ 9763 കർഷകർക്ക് 7.938 കോടി രൂപയും കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രകാരം വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | വിള | അടിസ്ഥാന വില |
|---|---|---|
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3 | കൈതച്ചക്ക | 15 |
| 4 | കുമ്പളം | 9 |
| 5 | വെള്ളരി | 8 |
| 6 | പാവൽ | 30 |
| 7 | പടവലം | 16 |
| 8 | വള്ളിപ്പയർ | 34 |
| 9 | തക്കാളി | 8 |
| 10 | വെണ്ട | 20 |
| 11 | കാബേജ് | 11 |
| 12 | കാരറ്റ് | 21 |
| 13 | ഉരുളക്കിഴങ്ങ് | 20 |
| 14 | ബീൻസ് | 28 |
| 15 | ബീറ്റ്റൂട്ട് | 21 |
| 16 | വെളുത്തുള്ളി | 139 |